<u>മേലെഴുത്ത് കത്ത് നം .ഇ ബി4- 12411/2025/ആവഡ തീയതി</u>

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർനടപടിക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു .

Signed by
Reena K J
Date: 05-08-2025 15:47:23

ആരോഗ്യവകുപ്പ് ഡയറക്ടർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.അനിത ബിനു, കൺസൽട്ടന്റ് (ഒഫ്ത്താൽമോളജി) - നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2142/2025/H&FWD തീയതി,തിരുവനന്തപുരം, 31-07-2025

---

പരാമർശം:-

1. സ.ഉ. (അച്ചടി) നം.98/2024/ആകുവ തീയതി 23.09.2024.
2. സ.ഉ. (സാധാ) നം.2677/2024/ആകുവ തീയതി 07.11.2024.
3. സ.ഉ. (അച്ചടി) നം.14/2025/ആകുവ തീയതി 04.02.2025.
4. സ.ഉ (സാധാ) നം. 1012/2025/ആകുവ തീയതി 07.04.2025.
5. ഡോ.അനിത ബിനു, ജൂനിയർ കൺസൽട്ടന്റ് (ഒഫ്ത്താൽമോളജി) സമർപ്പിച്ച 15.04.2025-ലെ അപേക്ഷ
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.06.2025-ലെ DHS/12411/2025-EB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിൽ ഒഫ്ത്താൽമോളജി വിഭാഗം കൺസൽട്ടന്റ് തസ്തികയിലെ 2023 വർഷത്തിലെ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി 12.08.2024-ൽ വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി ചേരുകയും, ആയതു പ്രകാരം 5 മെഡിക്കൽ ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുംചെയ്തിരുന്നു. സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നം.2 ആയ ഡോ.അനിത ബിനുവിനെ, 2022 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്നതിനാൽ പ്രസ്തുത സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ഡോ.അനിതാ ബിനു, ജൂനിയർ കൺസൽട്ടന്റ് (ഒഫ്ത്താൽമോളജി) നൽകിയ പരാതിയുടെ അടിസ്ഥാനത്തിലുള്ള അന്വേഷണത്തിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് അയച്ചു നൽകുന്നതിൽ കാലതാമസം വന്നതായി കണ്ടെത്തുകയുണ്ടായി. തുടർന്ന് 06.01.2025-ൽ ചേർന്ന അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി (ഹയർ) ഡോ.അനിത ബിനുവിനെ കൺസൽട്ടന്റ് ഒഫ്ത്താൽമോളജി വിഭാഗത്തിൽ

2023 വർഷത്തെ സെലക്ട് ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം സെലക്ട് ലിസ്റ്റ് പുനഃപ്രസിദ്ധീകരിക്കുകയും പരാമർശം (4) പ്രകാരം ഡോ.അനിത ബിനുവിന് കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) തസ്തികയിൽ റഗുലർ പ്രൊമോഷൻ നൽകുകയും ചെയ്തു.

2) പരാമർശം (5) പ്രകാരം ഡോ.അനിത ബിനു സമർപ്പിച്ച അപേക്ഷയിൽ, 07.11.2024 മുതൽ മുൻകാല പ്രാബല്യത്തോടെ കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) തസ്തികയിൽ പ്രൊമോഷൻ നൽകണം എന്ന് അപേക്ഷിച്ചിരുന്നു. തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ സംഭവിച്ച വീഴ്ച കാരണമാണ് ഡോ.അനിത ബിനുവിന് യഥാസമയം ഒഫ്ത്താൽമോളജി കൺസൾട്ടന്റ് തസ്തികയിൽ പ്രൊമോഷൻ ലഭിക്കാതിരുന്നതെന്നും ആയതിനാൽ ഡോ.അനിത ബിനുവിന്റെ തൊട്ടടുത്ത ജൂനിയർ ആയ ഡോ.സോണിയ വിജയന് കൺസൾട്ടന്റ് ഒഫ്ത്താൽമോളജി തസ്തികയിൽ പ്രൊമോഷൻ നൽകിയ ഉത്തരവ് തീയതിയായ 07.11.2024 പ്രാബല്യത്തിൽ ഡോ.അനിത ബിനുവിന് ബാക്ക് അരിയർ നൽകുന്നതല്ല എന്ന വ്യവസ്ഥയിൽ കൺസൾട്ടന്റ് ഒഫ്ത്താൽമോളജി തസ്തികയിൽ നോഷണൽ പ്രൊമോഷൻ നൽകാവുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡോ.അനിത ബിനുവിന്റെ തൊട്ടടുത്ത ജൂനിയർ ആയ ഡോ.സോണിയ വിജയന് കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) തസ്തികയിൽ പ്രൊമോഷൻ നൽകിയ ഉത്തരവ് തീയതിയായ 07.11.2024 പ്രാബല്യത്തിൽ ഡോ.അനിത ബിനുവിന് ബാക്ക് അരിയർ നൽകുന്നതല്ല എന്ന വ്യവസ്ഥയിൽ കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ.
ഡോ.അനിത ബിനു, കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ (എ2/2012/2025-ഹെൽത്ത്)

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
Date: 31-07-2025 16:59:14
സെക്ഷൻ ഓഫീസർ